# പതിനാലാം BEFI കേരള സംസ്ഥാന സമ്മേളനം തൃശൂരിൽ നടന്നു.

BEFI (Kerala) സംസ്ഥാന സമ്മേളനതിന് തൃശൂർ റീജിയണൽ തീയേറ്ററിൽ 2022 ഏപ്രിൽ 26,27 തീയതികളിൽ നടന്നു. BEFI സംസ്ഥാന പ്രസിഡൻ്റ് സഖാവ് ടി നരേന്ദ്രൻ പതാക ഉയർത്തി ആരംഭിച്ച സമ്മേളത്തിൽ അദ്ദേഹത്തിൻ്റെ തന്നെ അധ്യക്ഷതയിൽ സ്വാഗത സംഘം ചെയർമാൻ സഖാവ് പി കെ ബിജു സ്വാഗതം പറഞ്ഞു.




CITU സംസ്ഥാന ജനറൽ സെക്രട്ടറി സ. എളമരം കരീം എംപി സമ്മേളനം ഉത്ഘാടനം ചെയ്ത് സംസാരിച്ചു. BEFI തൃശൂർ ജില്ലാ സെക്രട്ടറി സ.സ്വർണകുമാർ സംഘാടകസമിതിക്ക് വേണ്ടി സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് നന്ദി അറിയിച്ചു.

2 ദിവസം നീണ്ടു നിന്ന സമ്മേളനത്തിൽ 500ഓളം പ്രതിനിധികൾ പങ്കെടുത്തു. KGB EU/OU സംഘടനയുടെ തിരഞ്ഞെടുക്കപ്പെട്ട 78 ഓളം പ്രതിനിധികൾ ഉണ്ടായിരുന്നു. അതിൽ കൈകുഞ്ഞിനെയും കൊണ്ട് വന്ന അമ്മമാരും ഉണ്ടായിരുന്നു എന്നത് സംഘടനയുടെ സ്വാധീനം അംഗങ്ങൾക്ക് ഇടയിൽ എത്ര ആഴത്തിൽ ഉള്ളതാണെന്ന് വെളിപ്പെടുത്തുന്നതാണ്. കേരളത്തിന്റെ മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി Prof.രവീന്ദ്ര നാഥ് വൈജ്ഞാനിക സമൂഹത്തിന്റെ കാലിക പ്രസക്തി എന്ന വിഷയത്തിന് മേൽ നടത്തിയ പ്രഭാഷണം

സമ്മേളനത്തിലെ മുഖ്യ ആകർഷണം ആയിരുന്നു.BEFI അഖിലേന്ത്യ നേതാക്കളായ ശ്രീ ദേബാശിഷ് ബസൂ ചൗധരി ,പ്രദീപ് ബിശ്വാസ് തുടങ്ങിയവർ സന്നിഹിതാരായിരുന്നു.കേരളത്തിലെ മുതിർന്ന BEFI നേതാവ് ശ്രീ സദാശിവൻ പിള്ള അദ്ദേഹത്തിന്റെ തനതായ ശൈലിയിൽ ഉള്ള പ്രസംഗത്തിലൂടെ സദസ്സിനെ കയ്യിലെടുത്തു.
ഏകദേശം 7 മണിക്കൂറിലും നീണ്ട ചർച്ചയിൽ 61 സഖാക്കൾ പങ്കെടുക്കുകയും,ജനറൽ സെക്രട്ടറി സ.എസ് എസ് അനിൽ മറുപടിയും നൽകി.

KGBEU/OU സംഘടനയിൽ നിന്ന് 3 പേരാണ് ഭാരവാഹികൾ ആയ് തിരഞ്ഞെടുക്കപ്പെട്ടത് സ.മിഥുൻ സി(സെക്രട്ടറി),സ.മീന N(വൈസ് പ്രസിഡന്റ്) സ.ബിഗേഷ് ഉണ്ണിയാൻ (ജോയിന്റ് സെക്രട്ടറി ). കമ്മിറ്റി അംഗങ്ങളായി സ. രജിത മോൾ K.K, സ.T G അനൂപ്,സ.V P ശ്രീരാമൻ,സ.പ്രശാന്ത് G,സ. ശരത് ES എന്നിവരെയും തെരഞ്ഞെടുത്തു.കൂടാതെ സംസ്ഥാന കമ്മിറ്റിയിൽ ജില്ലാ പ്രസിഡന്റുമാരായ സ.വിനീത് K(മലപ്പുറം),സ.K K രഞ്ജു(പത്തനംതിട്ട) വനിതാ ജോയിന്റ് കൺവീനർമാരായ സ.ഇന്ദു K, സ.വിനീത വിനോദ് എന്നിവരെയും കമ്മിറ്റി അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭാരവാഹികൾ:
ഷാജു ആന്റണിയെ (ഫെഡറൽ ബാങ്ക്) പ്രസിഡന്റായും എൻ സനിൽ ബാബുവിനെ (കനറാ ബാങ്ക്) ജനറൽ സെക്രട്ടറിയായും സമ്മേളനം തെരഞ്ഞെടുത്തു. എസ് അനിൽ (എച്ച്ഡിഎഫ്സി ബാങ്ക്) ട്രഷറായും സി മിഥുൻ (കേരള ഗ്രാമീൺ ബാങ്ക്) സെക്രട്ടറിയായും തെരഞ്ഞെടുത്തു.

സജി വർഗീസ് (എസ്ബിഐ), കെ ടി അനിൽകുമാർ (കേരള ബാങ്ക്), ജി സതീഷ് (ബാങ്ക് ഓഫ് ബറോഡ), എൻ മീന (കേരള ഗ്രാമീൺ ബാങ്ക്), കെ ആർ ഉണ്ണികൃഷ്ണൻ (യൂണിയൻ ബാങ്ക്), എൽ സിന്ധുജ (കേരള ബാങ്ക്), കെ ഹരികുമാർ (കനറാ ബാങ്ക്) എന്നിവർ വൈസ് പ്രസിഡന്റുമായി തെരഞ്ഞെടുത്തു. എൻ എൽ പ്രേമലത (എസ്ബിഐ), എസ് ബി എസ് പ്രശാന്ത് (റിസർവ് ബാങ്ക്), ജെറിൻ കെ ജോൺ (സിഎസ്ബി ബാങ്ക്), അമൽ രവി (എസ്ബിഐ), ബിഗേഷ് ഉണ്ണിയൻ (കേരള ഗ്രാമീൺ ബാങ്ക്), പി എച്ച് വിനിത (ഫെഡറൽ ബാങ്ക്), കെ പി ഷാ (കേരള ബാങ്ക്) ജോയിന്റ് സെക്രട്ടറിമാരായും തെരഞ്ഞെടുത്തു.

വനിതാ സബ് കമ്മിറ്റി കൺവീനർ : കെ എസ് രമ